# ശോഭാ ഡെവലപ്പേഴ്സിന് പൂനെയിൽ പുതിയ പദ്ധതി

കൊച്ചി: രാജ്യത്തെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് കമ്പനികളിലൊന്നായ ശോഭാ ഡെവലപ്പേഴ്സ് വ്യവസായ നഗരമായ പൂനെയിൽ പുതിയ സൂപ്പർ ലക്ഷ്വറി പാർപ്പിട പദ്ധതി പ്രഖ്യാപിച്ചു. ശോഭാ ഗാർനെറ്റ് എന്ന് നാമകരണം ചെയ്തിരിക്കുന്ന 3-4 ബെഡ്റൂമുകളുള്ള 198 അപ്പാർട്ട്മെന്റുകളുടെ ഈ ബൃഹദ് പദ്ധതി നഗരത്തിലെ കോന്ത്വയിലാണ് പണിതുയർത്തുന്നത്. മൂന്ന് ബ്ലോക്കിലായി ഗ്രൗണ്ട്, ബേസ്മെന്റ് എന്നിവയ്ക്കു പുറമേ 11 നിലയുണ്ടാവും. 1523 ച അടി മുതൽ 2600 ച അടി വരെയായിരിക്കും അപ്പാർട്ട്മെന്റുകളുടെ വലിപ്പം.

ചുരുങ്ങിയ കാലത്തിനിടെ വൻവളർച്ച കാഴ്ചവെയ്ക്കുന്ന നഗരമാണ് പൂനെയെന്ന് ശോഭ ഡെവലപ്പേഴ്സ് എംഡി ജെ. സി. ശർമ്മ പറഞ്ഞു. ഈ പശ്ചാത്തലത്തിലാണ് കമ്പനിയുടെ പുതിയ പദ്ധതി. പൂനെയിൽ ഇത് ശോഭയുടെ നാലാമത്തെ പദ്ധതിയാണ്. 1995ൽ സ്ഥാപിക്കപ്പെട്ട ശോഭാ ഡെവലപ്പേഴ്സ് ഇതുവരെ 72 പാർപ്പിട പദ്ധതികളിലായി 4.32 കോടി ച അടി വിസ്തീർണത്തിൽ കെട്ടിടങ്ങൾ നിർമിച്ചു. 79.8 ലക്ഷം ച അടി നിർമിക്കുന്ന 28 പാർപ്പിട പദ്ധതികൾ നിലവിലുണ്ട്. കരാർ ജോലിയായി 41 നിർമാണ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിലായി കമ്പനിക്ക് 21 നഗരങ്ങളിൽ സാന്നിധ്യമുണ്ട്.